LIBRARY ARCHIVES Kerala Legislative Assembly

അതി വൈദഗ്ധ്യ സമ്പാദന പദ്ധതി

43 (1079) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതി വൈദഗ്ധ്യ സമ്പാദന പദ്ധതിക്ക് (അസാപ്) തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു.

(സി) ഉന്നത, പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള സർക്കാർ എയ്ഡഡ് കോളേജുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവരാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും, സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയേറ്റും പ്രവർത്തിച്ചുവരുന്നു.